# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 336 — 24/06/2014-ൽ മറുപടിക്ക്

### ആദിവാസി മേഖലയിലുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിലുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്ത മാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. |
| (ബി) | ഇവിടെ പടർന്നു പിടിക്കുന്ന രോഗങ്ങൾക്ക് യഥാവിധി ചികിത്സ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | കാലാവസ്ഥയിലുണ്ടാകുന്ന മാറ്റമനുസരിച്ച് കണ്ടുവരുന്ന രോഗങ്ങൾ യഥാസമയം ചികിത്സിക്കുന്നതിന് സാധിക്കുന്നുണ്ട്. അസുഖബാധിതരെ ആശുപത്രിയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് എസ്.റ്റി. പ്രൊമോട്ടർമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് എന്നിവർ മുഖേന നടപടി സ്വീകരിച്ചു വരുന്നു. സർക്കാർ ആശുപത്രികളിൽ സൗജന്യവും സമ്പൂർണ്ണവുമായ ചികിത്സ ഉറപ്പുവരുത്തുന്നു. ആശുപത്രിയിലെത്തുന്നവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് നിയോഗിച്ചിട്ടുള്ള ഹെൽത്ത് പ്രൊമോട്ടർമാർ ആവശ്യമായ സഹായങ്ങൾ നൽകുന്നു. ആരോഗ്യ വകുപ്പിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ മഴക്കാലപൂർവ്വ രോഗങ്ങൾ തടയുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഇത്തരത്തിൽ ഫലപ്രദമായ നടപടികളിലൂടെ പകർച്ച വ്യാധികൾ വരാതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻ കരുതൽ നടപടികൾ എന്ന നിലയ്ക്ക് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും പട്ടികവർഗ്ഗ പ്രദേശങ്ങളിൽ കാലാകാലം മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിയും പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ പുതിയ പദ്ധതി ആവിഷ്കരിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ